ഉത്തരം

(എ) ഈ അദ്ധ്യയനവർഷം 5-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾക്കും ഡി.പി.ഇ.പി. ജില്ലകളിലെ 6-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾക്കും മാറ്റമുണ്ട്. കൂടാതെ 1,2, ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ (പുത്തിരി) ചില തിരുത്തലുകളും മാറ്റങ്ങളും വരുത്തിയിട്ടുണ്ട്.

(ബി) 5,6, ക്ലാസ്സുകളിലെ മലയാളം, ഇംഗ്ലിഷ്, ഹിന്ദി, സയൻസ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ പരിഷ്ക്കരിക്കുന്നുണ്ട്.

(സി) എസ്.സി.ഇ.ആർ.ടി. യുടെ ഫാക്കൽറ്റി അംഗങ്ങളാണ് ഓരോ പുസ്തകത്തിന്റെയും ചുമതല വഹിക്കുന്നത്. പുസ്തക രചനയിൽ പങ്കെടുത്തവർ പ്രധാനമായും സ്കൂൾ അദ്ധ്യാപകർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ തുടങ്ങിയവരാണ്.

(ഡി) ഇവർ ഡി.പി.ഇ.പി.യുടെ നേതൃത്വത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ പുസ്തകരചനയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ളവരാണ്. കൂടാതെ പുസ്തകരചന നടത്തുന്നവർക്കുള്ള വിവിധ വർക്ക്ഷോപ്പുകളിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു ധാരാളം പ്രോഗ്രാമുകളിൽ പങ്കെടുത്ത് പരിചയമുണ്ട്. സർവ്വോപരി ഇവരിൽ ഭൂരിഭാഗവും പരിചയസമ്പന്നരായ സ്കൂൾ അദ്ധ്യാപകരാണ്.

20 (164) വിദ്യാലയങ്ങളിലെ പാഠപുസ്തകവിതരണം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷത്തിൽ പാഠപുസ്തകവിതരണം യഥാസമയം നടത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പാഠപുസ്തകങ്ങളിൽ ഈ വർഷം മാറ്റമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വിശദാംശം വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

21 (165) പാഠപുസ്തകവിതരണത്തിലെ കാലതാമസം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly